നം.9 /19/SRG/LSGD

തദ്ദേശസ്വയംഭരണവകുപ്പ്
തിരുവനന്തപുരം
12.06.19

# കുറിപ്പ്

വിഷയം :- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2019-20-ലെ പദ്ധതി പരിഷ്കരിച്ച് അന്തിമമാക്കുന്നതു സംബന്ധിച്ച്.

സൂചന :- 15.05.2019 ലെ 990/2019/തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ സർക്കാർ ഉത്തരവ്

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടേയും 2019-20 ലെ പദ്ധതി സാമ്പത്തികവർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ തയ്യാറാക്കിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിച്ച് അന്തിമമാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ സൂചനപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പരിഷ്കരിച്ച വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കേണ്ട അവസാന തീയതി 12.06.2019 ആണ്. എന്നാൽ ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇതിനകം പദ്ധതി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ 2019 -20 ലെ പരിഷ്കരിച്ച അന്തിമ പദ്ധതി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കുന്നതിനുള്ള സമയപരിധി 29.06.2019 ആയി ദീർഘിപ്പിക്കുന്നു. ഈ കാലപരിധിക്കുള്ളിൽ വാർഷികപദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കുന്നതിനുവേണ്ടി നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ കലണ്ടർ പിന്നീടു സർക്കാർ ഉത്തരവായി നൽകും.

ഒപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശഭരണവകുപ്പ്